# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3971 31.01.2014 ൽ മറുപടിയ്ക്ക്

## ഇ-പാസ് സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.ശിവദാസൻ നായർ<br>" എം.എ. വാഹിദ്<br>" ഐ.സി.ബാലകൃഷ്ണൻ,<br>" പി.എ.മാധവൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ ധാതുക്കളുടെ കൈകാര്യവും കൈമാറ്റവും നിയന്ത്രിക്കുവാൻ ഇ-പാസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ)<br>&<br>(ബി) | ഇ-പാസ്സ് സംവിധാനം ഇപ്പോൾ നടപ്പിലാക്കിയിട്ടില്ല. ഇ-പാസ്സ് പ്രോജക്ട് ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) മുഖാന്തിരം തയ്യാറാക്കിവരുന്നു. |
| (ബി) | ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നവർ ആരോക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | | |
| (സി) | ധാതുക്കളുടെ കള്ളക്കടത്ത് തടയാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഈ സംവിധാനത്തിലുള്ളത്; വിശദമാക്കുമോ; | (സി) | ഇ-പാസ്സ് നിലവിൽ വന്നാൽ ധാതുക്കളുടെ അനധികൃത ഖനനവും കടത്തും ഒരു പരിധിവരെ തടയുവാൻ സാധിക്കും. കൃത്യമായ രേഖകൾ ഉള്ളവർക്ക് മാത്രമേ ധാതുക്കൾ വാങ്ങി വിപണനം നടത്തുവാൻ സാധിക്കുകയുള്ളു. ധാതുക്കൾ കയറ്റുന്ന വാഹനങ്ങൾ എൻറോൾ ചെയ്യുന്നതിനാൽ ശരിയായ വാഹനത്തിൽതന്നെ ധാതുക്കൾ കയറ്റുന്നു എന്നും കൃത്യമായ അളവ് കയറ്റുന്നു എന്നും ഉറപ്പാക്കാവുന്നതാണ്. ധാതുക്കൾ ഉത്പാദിപ്പിക്കുന്നവർ അവരുടെ |

| | | | |
|---|---|---|---|
| | | | ദിനംപ്രതിയുള്ള ഉത്പാദനം വകുപ്പ് ഡാറ്റാബേസ്സിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. പാസ്സുകൾ കമ്പ്യൂട്ടർ ജനറേറ്റ് ചെയ്യുന്നതിനാൽ ഏതൊരാൾക്കും ടി പാസ്സുകൾ ഒറിജിനലാണോ എന്ന് തിട്ടപ്പെടുത്താവുന്നതാണ്. ധാതു ഉത്പാദകരുടെയും വിപണനം നടത്തുന്നവരുടെയും കണക്കുകൾ മൈനിംഗ് & ജിയോളജി വകുപ്പിന് ദിനംപ്രതി ലഭിച്ച്കൊണ്ടിരിക്കും. പാസ്സിൽ വെട്ടലുകളും തിരുത്തലുകളും വരുത്തി ദുരുപയോഗം ചെയ്യുന്നത് തടയാനാകും. |
| (ഡി) | ഈ സംവിധാനം പ്രയോജന പ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഇ-പാസ്സ് സംവിധാനം നടപ്പിലാക്കാൻ ഹാർഡ് വെയർ വാങ്ങുന്നതിനും സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനുമുള്ള തുക ചെലവഴിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ